"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ, ശ്രീ. വിപിൻ, S / o രവീന്ദ്രൻ, വരമ്പനത്ത്,എന്നയാൾക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.1099/2021/LSGD തീയതി,തിരുവനന്തപുരം, 06/06/2021

---

പരാമർശം:- 1 കാപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/10/2020-ലെ 5(3)-ാം നമ്പർ തീരുമാനം.

2 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15/01/2021-ാം തീയതിലെ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ 4.20-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ പദ്ധതിക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ സമയത്ത് പഞ്ചായത്തിൽ 18-ാം വാർഡിലെ ശ്രീ. വിപിൻ എന്ന ആൾക്ക് സ്വന്തമായി വീടും സ്ഥലവും ഉണ്ടായിരുന്നു. പിന്നീട് ഇദ്ദേഹം രോഗബാധിതനാവുകയും വൃക്ക മാറ്റി വയ്ക്കലിന് വിധേയനാകുകയും ചെയ്തുവെന്നും ചികിത്സക്കായി വീടും സ്ഥലവും വിൽക്കേണ്ടിവന്നുവെന്നും ആയതിനാൽ ശ്രീ. വിപിൻ,S/o രവീന്ദ്രൻ, വരമ്പനത്ത്, എന്നയാൾക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് അനുമതി നൽകണമെന്നും കാപ്പൂർ ഗ്രാമഞ്ചായത്ത് ഭരണസമിതി പരാമർശം(1)പ്രകാരം അപേക്ഷിക്കുകയുണ്ടായി. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2)പ്രകാരം പ്രസ്തുത അപേക്ഷ സർക്കാരിലേയ്ക്ക് അയച്ചു നൽകിയിരുന്നു.

2)ഇക്കാര്യം 10/02/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം ( 3 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി സ്ഥലമുള്ള ശ്രീ. വിപിൻ, S/o രവീന്ദ്രൻ, വരമ്പനത്ത്, എന്നയാൾക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C S Sreekala

Joint Secretary

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്.

സെക്രട്ടറി, കാപ്പൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്

ശ്രീ. വിപിൻ(കാപ്പൂർ ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 10-06-2021 14:41:02
Reason: Approved

സെക്ഷൻ ഓഫീസർ